തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

വാക്കാട്, മലപ്പുറം - 676 502

# പതിനാലാമത് ഗവേഷണസഭ യോഗതീരുമാനങ്ങൾ

**2019 മേയ് 14, ഉച്ചക്ക് 2 മണി**
**അക്ഷരം കാമ്പസ്, തിരൂർ**

**പങ്കെടുത്തവർ:**

1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ഡോ. ടി. അനിതകുമാരി (രജിസ്ട്രാർ ഇൻ ചാർജ്)
3. ഡോ. സി.പി അച്യുതനുണ്ണി
4. ഡോ. എം.ആർ. രാഘവവാരിയർ
5. ഡോ. സി.എം. നീലകണ്ഠൻ
6. ഡോ. ജലജ വർമ്മ
7. ഡോ. എ.കെ. നമ്പ്യാർ
8. ഡോ. കെ. കർണമഹാരാജൻ
9. ഡോ. എം. ശ്രീനാഥൻ
10. ഡോ. കെ.എം. ഭരതൻ

## യോഗനടപടികളും തീരുമാനങ്ങളും

വൈസ് ചാൻസലറുടെ ആമുഖഭാഷണത്തോടെ കൃത്യസമയത്ത് യോഗം ആരംഭിച്ചു. യോഗത്തിൽ വൈസ് ചാൻസലർ അദ്ധ്യക്ഷത വഹിച്ചു.

ഇനം **1/14**

**ഗവേഷക വിദ്യാർത്ഥികൾ നിരന്തരമായി ഉന്നയിക്കുന്ന ആവശ്യങ്ങൾ പരിഗണിക്കുന്നത് സംബന്ധിച്ച്**

(279/എ2/2019/അഡ്മിൻ)

**തീരുമാനം 1/14**

വിദ്യാർത്ഥികളുടെ പരാതികൾ ഇനം തിരിച്ചു ചർച്ച ചെയ്തു.

**1. ഗവേഷക വിദ്യാർത്ഥികളുടെ പരാതി സംബന്ധിച്ച്**

ഗവേഷണവിദ്യാർത്ഥികൾ 7/5/19 ന് നൽകിയ പരാതിയിൻമേൽ തുടർനടപടികളും ഗവേഷണച്ചട്ടങ്ങളിൽ പുനഃപരിശോധനയും ആവശ്യമാണെന്ന വി.സി. യുടെ നിർദ്ദേശപ്രകാരം പരാതികൾ വിശദമായി ചർച്ച ചെയ്തു.

ഒന്നാമത്തെ വിഷയം:- ഗവേഷണകാലാവധിയെ സംബന്ധിച്ച്:-

നിലവിൽ സർവകലാശാലാ ഗവേഷണച്ചട്ടം 4.1 മുതൽ 4.10 വരെ വിശദീകരിച്ചിരിക്കുന്ന കാര്യങ്ങളാണ് ഈ പരാതിയിൽ ഒന്നാമതായി ഉൾക്കൊള്ളിച്ചിരിക്കുന്നവ.

ചർച്ചയുടെ അടിസ്ഥാനത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ:

1. നിലവിലുള്ള ചട്ടപ്രകാരം പ്രവേശനം നേടിയ പിഎച്ച്.ഡി. വിദ്യാർത്ഥികൾക്ക് ഗവേഷണകാലാവധി കോഴ്സ് വർക്ക് ഉൾപ്പെടെ ഏറ്റവും കുറഞ്ഞത് മൂന്നുവർഷം തന്നെ ആയിരിക്കും.
2. പിഎച്ച്.ഡി. ഗവേഷകർക്ക് സർവകലാശാല ഫെലോഷിപ്പും മൂന്നുവർഷമായിരിക്കും.
3. എം.ഫിലിനു ശേഷം പിഎച്ച്.ഡി. പ്രവേശനം നേടുന്നവർക്ക് കോഴ്സ് വർക്ക് ഒഴികെ $2^1/_2$ വർഷമായിരിക്കും കുറഞ്ഞ ഗവേഷണകാലാവധി.
4. ഇവരുടെ ഫെലോഷിപ്പ് കാലാവധിയും $2^1/_2$ വർഷം ആയിരിക്കും.
5. എന്നാൽ പുരുഷ - വനിതാ ഭേദമന്യേ പ്രബന്ധ സമർപ്പണത്തിന് റീ-രജിസ്ട്രേഷൻ കൂടാതെ പരമാവധി 5 വർഷവും എം.ഫിലിന് ശേഷം പ്രവേശനം നേടിയവർക്ക് പരമാവധി 4 വർഷവും 40 ശതമാനത്തിലധികം ശാരീരിക വൈകല്യമുള്ളവർക്ക് പരമാവധി 6 വർഷവും അനുവദിക്കുന്നതാണ്.
6. വനിതകൾക്ക് ഗവേഷണ കാലയളവിനുള്ളിൽ ഒരു തവണ മാത്രം ഫെലോഷിപ്പോടെ പ്രസവാവധിക്ക് അർഹതയുണ്ടായിരിക്കും. ഇത് ഫെലോഷിപ്പ് നൽകുന്ന സംസ്ഥാനസർക്കാരിന്റെയോ /യു.ജി.സി. യുടെയോ ചട്ടപ്രകാരം യഥാക്രമം 6 മാസമോ (180 ദിവസം)/ 8 മാസമോ (240 ദിവസം) ആയിരിക്കും.
7. എന്നാൽ മൂന്നുവർഷമോ, എം.ഫിലിനു ശേഷം രണ്ടര വർഷമോ സർവകലശാലാ ഫെലോഷിപ്പ് നേടിക്കഴിഞ്ഞ ശേഷം പ്രസവാവധിയിൽ പ്രവേശിക്കുന്നവർക്ക് ഫെല്ലോഷിപ്പിന് അർഹതയുണ്ടാവില്ല. അവരുടെ പ്രസവാവധിക്കാലം പ്രബന്ധസമർപണത്തിനുള്ള പരമാവധി കാലാവധിക്കു പുറമേ കണക്കാക്കുന്നതായിരിക്കും.
8. ഫെല്ലോഷിപ്പ് കാലാവധിക്കുശേഷം പ്രബന്ധസമർപണത്തിന് അധിക കാലയളവ് സ്വീകരിക്കുന്നവർ ഓരോ സെമസ്റ്ററിലും റിസർച്ച് ഫീസ് ഉൾപ്പെടെ സർവകലാശാല നിർദ്ദേശിക്കുന്ന ഫീസുകൾ അടയ്ക്കേണ്ടതാണ്. (ഗവേഷണച്ചട്ടം 4.8 പരിഷ്കരിച്ച് നടപടികൾ സ്വീകരിക്കുന്നു.)
9. ഫെലോഷിപ്പ് കാലാവധി പൂർത്തിയാക്കുന്ന മാസത്തിന്റെ അവസാനം ഗവേഷക വിദ്യാർത്ഥികൾ ഹോസ്റ്റൽ ഒഴിയേണ്ടതാണ്.
10. അതതുവർഷത്തെ പിഎച്ച്.ഡി. ഗവേഷകർക്ക് പ്രവേശനം നൽകിയ

ശേഷം ഹോസ്റ്റലിൽ മുറികൾ ഒഴിവുണ്ടെങ്കിൽ മാത്രമേ ഫെല്ലോഷിപ്പ് കാലാവധി പൂർത്തിയാക്കിയ ഗവേഷകർക്ക് ഹോസ്റ്റൽ സൗകര്യം നൽകുകയുള്ളൂ.

11. നിശ്ചിത നിരക്കിലുള്ള ഫീസുകൾ നൽകാമെന്ന അപേക്ഷ പരിഗണിച്ച് ഒഴിവുള്ള പക്ഷം ഹോസ്റ്റൽ സൗകര്യവും വാഹനസൗകര്യവും ഉപയോഗിക്കാവുന്നതാണ്.

12. അനുവദിക്കപ്പെട്ട കാലാവധിക്കുശേഷവും പ്രബന്ധം സമർപ്പിക്കാത്തവരുടെ രജിസ്ട്രേഷൻ റദ്ദു ചെയ്യപ്പെടുന്നതായിരിക്കും.

13. അങ്ങനെയുള്ളവർക്ക് റീ-രജിസ്ട്രേഷൻ ഫീസും സർവകലാശാല നിശ്ചയിച്ചിട്ടുള്ള പിഴയും (ഒറ്റത്തവണ) അടച്ച്, അതത് വകുപ്പുകളിലെ ഗവേഷണ ഉപദേശകസമിതിയുടെ ശുപാർശയോടെ നടപടിക്രമങ്ങൾ പാലിച്ച് പ്രബന്ധം സമർപ്പിക്കാവുന്നതാണ്.

14. ചട്ടം 4.4 മാറ്റമില്ല. (ജെ.ആർ.എഫ്./ഫെല്ലോഷിപ്പുകൾ എന്നിവയോടെ പ്രവേശനം നേടിയവരുടെ പിഎച്ച്.ഡി. ഗവേഷണ കാലാവധി, ഫെല്ലോഷിപ്പ് കാലാവധി തീരുംവരെയായിരിക്കും.

2019 മാർച്ച് 1 ന് നടന്ന ഗവേഷണസഭായോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങളിൽ നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ചട്ടങ്ങളിലെ 4.4.1 നെ സംബന്ധിച്ച് വിദ്യാർത്ഥികൾ ഉന്നയിച്ച പരാതിയിൻമേൽ വിശദീകരണം നൽകിയിട്ടുള്ളത് ഈ ഉത്തരവിനൊപ്പം ഉൾക്കൊള്ളിക്കേണ്ടതാണ്.

3. **എം.ഫിൽ/പിഎച്ച്.ഡി. അവധി**

ഗവേഷണച്ചട്ടങ്ങളിൽ 6.13 ആയി വിശദമാക്കിയിട്ടുണ്ട്. (6.13.5, 6.13.6 ഇവ മുൻപ് വിശദീകരിച്ചു.) ഒരു വർഷം സർക്കാർ നിശ്ചയിച്ചിട്ടുള്ള അവധികൾക്കു പുറമേ വിവിധ തരത്തിലായി ഫെല്ലോഷിപ്പോടുകൂടി 90 അവധികൾ നിയമാനുസൃതമായും ഓഡിറ്റ് വ്യവസ്ഥയോടെയും അനുവദിച്ചിട്ടുണ്ട്. ഗവേഷണവിഷയത്തിന്റെ ആവശ്യകത അനുസരിച്ച് ഫീൽഡ്‌വർക്ക്/ലൈബ്രറിവർക്ക്/ദത്തശേഖരണം എന്നിവയ്ക്ക് മാർഗദർശിയുടെ ശുപാർശയിൻമേൽ ഇതിലധികം ആവശ്യമായി വരുന്ന ഫെല്ലോഷിപ്പോടെയുള്ള അവധി വൈസ്ചാൻസലർക്കു അനുവദിക്കാവുന്നതാണ്.

4. **ലൈബ്രറിസമയം സംബന്ധിച്ച്**

ഭൗതികസൗകര്യങ്ങളിൽ വ്യത്യാസം വരുന്ന സാഹചര്യത്തിൽ സമയം ക്രമീകരിക്കുവാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതായിരിക്കും.

5. ഫീസ് ഉയർത്തിയ നടപടി

20.7.2016 ന് പുറത്തിറക്കിയ ഫീസ് ഘടനയിൽ വർദ്ധനവ് വരുത്തണമെന്ന ഓഡിറ്റ് നിർദ്ദേശം പരിഗണിച്ചും മറ്റുസർവകലാശാലകളിലെ ഫീസുമായി താരതമ്യം ചെയ്തുമാണ് പുതുക്കിയ ഫീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത്.

1/13 ലെ യോഗത്തിൽ ഒറ്റത്തവണ ഈടാക്കേണ്ട പിഴ എം.ഫിലിന് 20,000 ൽ നിന്നും 10,000 ആയും പിഎച്ച്.ഡിയുടേത് 50,000 ൽ നിന്ന് 30,000 ആയും കുറച്ച് തീരുമാനമെടുത്ത വസ്തുത സമിതി നോട്ട് ചെയ്തു. ഒപ്പം, ഫെല്ലോഷിപ്പ് കാലാവധിക്കു ശേഷമുള്ള റീ-രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കുന്നതായിരിക്കും.

6. സർവകലാശാലയിലെ വിദ്യാർത്ഥികൾക്ക് നിലവിൽ ലോൺ അനുവദിക്കുന്നതിന് വ്യവസ്ഥയില്ലെന്നതിനാൽ ഇക്കാര്യം പരിഗണിക്കുവാൻ നിർവാഹമില്ല.

7. ഗവേഷകരുടെ ഫെല്ലോഷിപ്പ് മുൻ തീരുമാനം നിലനിൽക്കുന്നതായിരിക്കും.

8. ഹോസ്റ്റൽ ഫീസ് എന്നിവ സംബന്ധിച്ച് 1/13 ൽ എടുത്തിട്ടുള്ള തീരുമാനം ഇന്നത്തെ സാഹചര്യത്തിൽ പുനഃപരിശോധിക്കാൻ നിർവ്വാഹമില്ല.

9. ഗവേഷണബ്ലോക്കിൽ ഭൗതികസാഹചര്യം കുറവായതിനാൽ അതിനനുസരിച്ച് പ്രവേശനവിജ്ഞാപനം ക്രമീകരിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

ഇനം **2/14**

## എം.ഫിൽ, പിഎച്ച്.ഡി. പ്രവേശനവിജ്ഞാപനം ഇറക്കുന്നത് സംബന്ധിച്ച് (1460/എ1/2019/അക്കാദമികം)

**തീരുമാനം 2/14** 2019 ൽ എംഫില്ലിന് എല്ലാ വകുപ്പുകളിലുമായി 33 സീറ്റും പിഎച്ച്.ഡി.ക്ക് 23 സീറ്റും ഒഴിവുണ്ട്. പക്ഷേ ഭൗതികസൗകര്യങ്ങളുടെ അഭാവം മൂലം 33 എംഫിൽ സീറ്റിലേക്കും ഓരോ വകുപ്പിലേക്കും ഓരോ പിഎച്ച്.ഡി. സീറ്റെന്ന നിലയിൽ മാത്രം അപേക്ഷ ക്ഷണിച്ചാൽ മതിയെന്നും തീരുമാനിച്ചു. ഇക്കാര്യം ചർച്ച ചെയ്യുന്നതിന് ഗവേഷണമാർഗദർശികളുടെ ഒരു യോഗം ജൂൺ ആദ്യം തന്നെ ചേരുവാൻ തീരുമാനിച്ചു. ജെ.ആർ.എഫ്. അപേക്ഷകർക്ക് മുൻഗണന നൽകുവാനും ജെ.ആർ.എഫ്. / നെറ്റ് അപേക്ഷകർ ഇല്ലാത്ത സാഹചര്യത്തിൽ പ്രവേശനച്ചട്ടം അനുസരിച്ച് വിജ്ഞാപന നടപടികൾ പൂർത്തിയാക്കാനും ജൂൺ അവസാനത്തോടെ ക്ലാസുകൾ ആരംഭിക്കാനും നടപടിയെടുക്കേണ്ടതാണ്.

ഇനം **3/14**

## ഗവേഷക ശ്രീമതി ഫാത്തിമയുടെ മാർഗ്ഗദർശിയെ കണ്ടെത്തൽ (1918/എ1/2018/അക്കാദമികം)

**തീരുമാനം 3/14** ശ്രീമതി ഫാത്തിമ ആർ.വി.യെ ഗവേഷകയായി സ്വീകരിക്കുന്നതിനും സാഹിത്യവിഭാഗം ഡീൻ ഡോ. ടി. അനിതകുമാരി സന്നദ്ധത അറിയിച്ചു. ഡോ. ടി. അനിതകുമാരിയെ ഈ തീരുമാനത്തിന്റെ പേരിൽ അഭിനന്ദിക്കുകയുണ്ടായി. ഡോ. രോഷ്നി സ്വപ്നയുടെ നിഷേധാത്മക നിലപാടിനെ ഗവേഷണസഭ നിശിതമായി വിമർശിച്ചു. ഒരു ഗവേഷണ മാർഗ്ഗദർശിയുടെ ഭാഗത്ത് നിന്നും പ്രതീക്ഷിക്കാനാവാത്ത ദൗർഭാഗ്യകരമായ നടപടിയാണിതെന്നും സഭ വിലയിരുത്തുകയുണ്ടായി.

ഇനം
**4/14**

**ഗവേഷണശീർഷകം ഭാഗികമായി മാറ്റുന്നത് സംബന്ധിച്ച്** (1017/എ1/2019/അക്കാദമികം)

**തീരുമാനം 4/14** ഡോ. അശോക് ഡിക്രൂസിന്റെ അപേക്ഷ ഗവേഷണശീർഷകത്തിന്റെ മാറ്റമല്ലെന്നും വിഷയമാറ്റം തന്നെ ആയതിനാൽ പുതിയ സിനോപ്സിസ് സമർപിച്ച് ഡോക്ടറൽകമ്മിറ്റി ചേർന്ന് വിഷയം അംഗീകരിക്കണമെന്നും നിർദ്ദേശിച്ചു. ഡോക്ടറൽ കമ്മിറ്റിയുടെ ശുപാർശപ്രകാരം രജിസ്ട്രാർക്ക് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്നും തീരുമാനിച്ചു.

ഇനം
**5/14**

**കോഴ്സ്‌വർക്ക് പരീക്ഷ പാസ്സാവേണ്ട സമയപരിധി കഴിഞ്ഞ ഗവേഷകയുടെ ഗവേഷണതുടർച്ച സംബന്ധിച്ച്** (1211/എ1/2019/അക്കാദമികം)

**തീരുമാനം 5/14** വളരെ പ്രത്യേകമായ ഒരു കേസായി പരിഗണിച്ച് അനുമതി നൽകുവാനും മേലിൽ ഒരു വകുപ്പിലും ഈയയൊരവസ്ഥ ഉണ്ടാകാതെ ശ്രദ്ധിക്കാനും സഭ നിർദ്ദേശിക്കുകയുണ്ടായി.

ഇനം
**6/14**

**എം.ഫിൽ ഗവേഷണപ്രബന്ധം സമർപ്പിക്കുന്നതിനുള്ള കാലാവധി നീട്ടിനൽകലും സമർപ്പിച്ച പ്രബന്ധത്തിൻമേലുള്ള തുടർനടപടിക്രമങ്ങളും സംബന്ധിച്ച്**

(01/02/2018/പ.വി.)

**തീരുമാനം 6/14** അനുവദിച്ചു.

ഇത്തരം സാഹചര്യം മേലിൽ ഉണ്ടാകാതിരിക്കാൻ ഫാക്കൽറ്റികൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

ഇനം
**7/14**

**കുമാരി അഞ്ജന കെ, ശ്രീ ഷമീറലി എം എന്നിവരുടെ ഗവേഷണവിഷയം മാറ്റുന്നതിനുള്ള അപേക്ഷകൾ പരിഗണിക്കുന്നത് സംബന്ധിച്ച്** (678/എ2/2019/അഡ്മിൻ)

**തീരുമാനം 7/14** അംഗീകരിച്ചു.

യോഗാനന്തരം വൈസ് ചാൻസലർ ഗവേഷകവിദ്യാർത്ഥികൾക്ക് നൽകിയിരുന്ന കരാർ അനുസരിച്ച് സംഘടനാപ്രതിനിധി ശ്രീ കെ.വി. പ്രജിലിനെ സഭയിലേക്ക് വിളിച്ച് വ്യവസ്ഥകൾ ബോധിപ്പിക്കുകയും അംഗീകരിച്ചതായി പ്രജിൽ അറിയിക്കുകയും ചെയ്തു. ഗവേഷകർ നൽകിയ പരാതിയിൻമേൽ കൈകൊണ്ട നടപടികൾ വായിച്ചുകേൾപ്പിച്ചു. യോഗതീരുമാനങ്ങൾ അംഗീകരിച്ചു.

യോഗം വൈകുന്നേരം 4.30 ന് അവസാനിച്ചു.

രജിസ്ട്രാർ ഇൻ ചാർജ്